# <u>സിവില് ലയബിലിറ്റി സിവില് ലയബിലിറ്റി ഫോര് ന്യൂക്ലിയര് ഡാമേജ് കരാര് 2010 സംബന്ധിച്ച നിരന്തരം ഉന്നയിച്ച ചോദ്യങ്ങളും ഉത്തരങ്ങളും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും</u>

ഫെബ്രുവരി 08, 2015

ചോദ്യം1. പ്രസിഡണ്ട് ഒബാമയുടെ ഇന്ത്യാ സന്ദര്ശന വേളയില് ജനുവരി 25, 2015 ല് യുണൈറ്റഡ് സ്റ്റേറ്റ്സുമായി എന്തു ധാരണയില് ആണ് എത്തിച്ചേര്ന്നത് ??

ഉത്തരം : ആണവ ബാധ്യതാ നിയമ (സിവില് ന്യൂക്ലിയര് ലയബിലിറ്റിയുമായി ) ബന്ധപ്പെട്ടുള്ള വിഷയങ്ങളില്  ഇന്ത്യയും യുണൈറ്റഡ് സ്റ്റേറ്റ്സുമായി  ധാരണയില് എത്തുകയും സെപ്തംബര് 2008 ലെ ഉഭയകക്ഷി 123 കരാര് നടപ്പിലാക്കുവാനുള്ള നിര്വാഹക  കാര്യങ്ങളുടെ ഉള്ളടക്കം  തീരുമാനിക്കപ്പെടുകയും ചെയ്തു .  ഇത് വ്യാവസായിക ഇടപെടലുകളിലേക്ക് കടക്കുവാനും അന്താരാഷ്ട്ര സഹകരണത്തോടെ റിയാക്ടറുകള് സ്ഥാപിക്കുവാനും 2005-2008 ലെ സിവില് ന്യൂക്ലിയാര് ധാരണ അനുസരിച്ചുള്ള പ്രധാന സാമ്പത്തിക ,  നല്ല ഊര്ജ സാധ്യതകള് തിരിച്ചറിയുന്നതിലേക്കും നയിക്കും

ചോദ്യം2. എങ്ങിനെ ഈ ധാരണയില് എത്തിച്ചേരപ്പെട്ടു ?

ഉത്തരം : സെപ്തംബര് 2014 ല് പ്രധാനമന്ത്രി നടത്തിയ യുഎസിലെ സന്ദര്ശനത്തില് ഇരു നേതാക്കളും ഇന്ത്യ-യു.എസ്  ആണവ സഹകരണ തീരുമാനം നടപ്പാക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയെ ആവര്ത്തിച്ചു പറഞ്ഞു , അതോട് കൂടെ ഒരു സിവില് ആണവ സഹകരണം നടപ്പിലാക്കുന്നതിന് ഒരു സമ്പര്ക്ക സംഘം രൂപീകരിച്ചു.  സംഘത്തില് കേന്ദ്ര വിദേശകാര്യ വകുപ്പ്, ആണവോര്ജ വകുപ്പ് , ന്യൂക്ലിയര് പവര് കോര്പ്പൊറേഷന് ഓഫ്

ഇന്ത്യ ( എന്പിസിഎല് ), സാമ്പത്തിക മന്ത്രാലയം , ലാ ആന്ഡ് ജസ്റ്റിസ് മന്ത്രാലയം , യു എസ് ഗവണ്മെന്റ് പ്രതിനിധികള്ക്ക് പുറമെ കമ്പനികളുമായുള്ള സമ്പര്ക്കമുഖം -എന്പിസിഎല് ഇന്ത്യയുടെ ഭാഗത്ത് നിന്നും , വെസ്റ്റിങ്ഹൌസ് , ജനറല് ഇലക്ട്രിക് - യു എസ് ഭാഗത്ത് നിന്നും ഉള്പ്പെടുന്നു . മൂന്നു പ്രാവശ്യം സംഘം കൂടിക്കാഴ്ച നടത്തി ( ന്യൂഡെല്ഹി 16-17, ഡിസംബര് 2014 ), വിയന്ന (6-7, ജനുവരി 2015) , ലണ്ടന് (ജനുവരി 21-22, 2015 ). ഈ ചര്ച്ചകളില് സിവില് ന്യൂക്ലിയാര് സഹകരണത്തെ കുറിച്ച് നിലവിലുള്ള രണ്ടു വിഷയങ്ങളില് യു എസുമായി ഒരു ധാരണയില് എത്തി, അത് ജനുവരി 25, 2015 രണ്ടു നേതാക്കളും ഉറപ്പാക്കുകയും ചെയ്തു

ചോദ്യം3. സിവില് ലയബിലിറ്റി സിവില് ലയബിലിറ്റി ഫോര് ന്യൂക്ലിയര് ഡാമേജ് കരാര് 2010 ല് (CLND Act 2010) ഭേദഗതി വരുത്താമെന്ന് ഇന്ത്യ തീരുമാനിച്ചോ?? അത് പോലെ 2011 ലെ സിഎല്എന്ഡി നിയമങ്ങള് ???? ഇപ്പോഴല്ലെങ്കില് ഭാവിയില് ഭേദഗതി വരുമോ ??

ഉത്തരം : കരാറോ നിയമങ്ങളോ ഭേദഗതി വരുത്താനുള്ള ഒരു നിര്ദേശവും ഇല്ല

ചോദ്യം 4. അങ്ങിനെയെങ്കില് യു. എസിന് സിഎല്എന്ഡി കരാറില് ഉള്ള ഉത്കണ്ഠ എങ്ങിനെ പരിഹരിച്ചു??

ഉത്തരം : സമ്പര്ക്ക സംഘത്തിലെ ചര്ച്ചകള്ക്കിടയില് ഇന്ത്യാ വിഭാഗം സിവില് ലയബിലിറ്റി ഫോര് ന്യൂക്ലിയര് ഡാമേജ് (സിഎല്എന്ഡി ) ആക്ടിനെയും കണ്വെന്ഷന് ഓണ് സപ്പ്ളിമെന്ററി കൊമ്പെന്സെഷന് ഫോര് ന്യൂക്ലിയാര് ഡാമേജ് ( സിഎസ്സി ) മാനദണ്ഡങ്ങളെയും കുറിച്ചുള്ള നമ്മുടെ നിലപാട് അവതരിപ്പിച്ചിരുന്നു. ബാധ്യതയില് മൊത്തം അപകടസാധ്യത കൈകാര്യം ചെയ്യുന്ന പദ്ധതി ഇന്ത്യാ ന്യൂക്ലിയര് ഇന്ഷൂറന്സ് പൂള് ആശയവും യു എസിന് മുന്നില് അവതരിപ്പിച്ചു. ഇന്ത്യന് വശത്തിന്റെ ഭാഗത്ത് നിന്നുള്ള അവതരണത്തെ തുടര്ന്നു

ചര്ച്ചയില് ഇന്ത്യയുടെ സിഎല്എന് ഡി നിയമം ഇന്ത്യ ഒപ്പ് വക്കുകയും അംഗീകരിക്കുകയും ചെയ്തതു സിഎസ് സിയുമായി ഇണങ്ങി പോകുന്നതാണ് എന്നു പൊതു ധാരണ ഉണ്ടാകുകയും ചെയ്തു

ചോദ്യം 5. സിഎസ് സി എന്നാല് എന്താണ് ??

ഉത്തരം : 1997 ആണവ ബാധ്യത അനുബന്ധ നഷ്ടപരിഹാര സമ്മേളന (സിഎസ്സി ) ലക്ഷ്യം , ലോകവ്യാപകമായി ബാധ്യത വ്യവസ്ഥ ഉണ്ടാകുക , ആണവ അപകടങ്ങളില് ഇരകള് ആയവര്ക്ക് കൊടുക്കുന്ന നഷ്ടപരിഹാരം വര്ദ്ധിപ്പിക്കുക എന്നതായിരുന്നു. 1963ലെ വിയന്ന കണ്വെന്ഷന് , അല്ലെങ്കില് 1960 പാരിസ് കണ്വെന്ഷന് എന്നിവയില് കക്ഷിയായ ഒരു രാജ്യം സിഎസ് സിയിലെ കക്ഷി ആകും. പക്ഷേ ഈ രണ്ടു സമ്മേളനത്തിലും പങ്കാളി ആകാത്ത രാജ്യത്തിനും സിഎസ് സി കക്ഷി ആകാം , ആണവ ബാധ്യതയെ കുറിച്ചുള്ള അവരുടെ ദേശീയ നിയമം സിഎസ് സിയുടെ കരാറിലോ കരാര് സിഎസ് സിയിലെ അവിഭാജ്യ ഘടകമായ അനുബന്ധത്തിനോ യോജിക്കുന്നതാണെങ്കില്. ഇന്ത്യ വിയന്ന കണ്വെന്ഷനിലും പാരിസ് കണ്വെന്ഷനിലും കക്ഷി അല്ല പക്ഷേ നമ്മള് സി എസ് സി 29, ഒക്ടോബര് 2010 ല് ഒപ്പ് വച്ചത് നമ്മുടെ ദേശീയ നിയമത്തിനെ അടിസ്ഥാനപ്പെടുത്തി, സിഎല്എന്ഡി നിയമം അനുസരിച്ചാണ്

ചോദ്യം 6. ഇന്ത്യയുടെ സിഎല്എന്ഡി നിയമം സിഎസ് സിയുമായി പൊരുത്തപ്പെടുമോ ??

ഉത്തരം : നിലയം നടത്തുന്നയാള്ക്കുള്ള കര്ശനവും/വ്യക്തവുമായ നിയമ ബാധ്യതകള്, ബാധ്യതയുടെ തുകയിലും സമയത്തിലുമുള്ള പരിധികള്, ഇന്ഷൂറന്സ് , സാമ്പത്തിക സുരക്ഷാ ബാധ്യതയ്ക്ക് നല്കുന്ന പരിരക്ഷ, ആണവ നിലയം സ്ഥാപിക്കല് എന്ന നിര്വചനം, ആണവ നഷ്ടം, തുടങ്ങിയവ

എന്നിവയുമായി ബന്ധപ്പെട്ടു നയിക്കുന്നതാണ് സിഎല്എന്ഡി നിയമത്തിലെ വ്യവസ്ഥകള്, അത് സി എസ് സിയുമായും അതിന്റെ അനുബന്ധമായും സാമാന്യമായി പൊരുത്തപ്പെടുന്നതാണ് . വാസ്തവത്തില് സിഎല് എന് ഡി നിയമം സിഎസ് സി പോലുള്ള ഒരു അന്താരാഷ്ട്ര ബാധ്യതാ വ്യവസ്ഥയില് ചേരുന്നതിന് വേണ്ട ഉചിതമായ ആധാരമാണ് ഇന്ത്യക്ക് നല്കുന്നത് . സിഎസ്സിയിലെ പതിനെട്ടാം വകുപ്പ് പറയുന്നതു , വിയന്ന കണ്വെന്ഷനിലോ , പാരിസ് കണ്വെന്ഷനിലോ കക്ഷി അല്ലാതിരുന്ന, കരാറില് ചേരുന്ന കക്ഷിയുടെ ദേശീയ നിയമം കണ്വെന്ഷനിലെ അനുബന്ധത്തിന്റെ വ്യവസ്ഥകളുമായി യോജിക്കേണ്ടത് ആണ് എന്നാണ് . കണ്വെന്ഷന് അനുബന്ധവുമായി സിഎല്എന്ഡി നിയമം യോജിക്കുന്നു .

ചോദ്യം 7. സിഎസ് സി യുടെ കീഴില് വിഭാവനം ചെയുന്ന ഒരു ആണവ നിലയത്തിലുണ്ടാകുന്ന ബാധ്യതകള് ആണവ നിലയ നടത്തിപ്പുകാരന്റെ നേരെ ആകുമോ നിയമം തിരിച്ചു വിടുന്നത് ??

ഉത്തരം . സെക്ഷന് 4(1) പ്രകാരം ആണവ നിലയത്തിലുണ്ടാകുന്ന നാശനഷ്ടത്തിന് ഉത്തരവാദി ആ നിലയത്തിലെ നടത്തിപ്പുകാരന് ആണെന്നാണ്, അത് കൂടാതെ സെക്ഷന് 4(4) ആണവ നിലയത്തിലെ പ്രവര്ത്തകന്റെ ബാധ്യത കര്ശനവും കര്ശന ബാധ്യത ഉത്തരവാദിത്തവും ആസ്പദമാക്കിയാകും . സെക്ഷന് 8(1) അനുസരിച്ച് ആണവ നിലയ പ്രവര്ത്തനം ആരംഭിക്കും മുന്നേ നടത്തിപ്പുകാരന് തന്റെ ബാധ്യതകകളെ പരിരക്ഷിക്കുന്ന സാമ്പത്തിക സുരക്ഷാ ലഭ്യമാകുന്ന വിധത്തിലുള്ള ഇന്ഷൂറന്സ് പോളിസി എടുക്കണം എന്നാണ് . എല്ലാ ഈ ഘടകങ്ങളും നിയമത്തിലെ തലക്കെട്ട് ചേര്ത്ത് വ്യക്തവും ഉറപ്പ് വരുത്തുന്നതുമാണ് അതായത് ബാധ്യത കര്ക്കശവും ബാധ്യത

ഇല്ലാ വ്യവസ്ഥയിലൂടെ നടത്തിപ്പുകാരനിലേക്ക്  നയിക്കുന്നതും ആണെന്നുള്ളത്

ചോദ്യം 8. സെക്ഷന് പതിനേഴിനെകുറിച്ചും,  സെക്ഷന് 17(ബി) യില് സപ്പ്ളൈയര്ക്കെതിരെ നിയമപരമായ നടപടിയെടുക്കാനുള്ള അവകാശത്തെ കുറിച്ച് (right of recourse)? അത് സമ്മേളനത്തിലെ അനുബന്ധത്തെ മറികടന്നു പോകുമോ?

ഉത്തരം : സെക്ഷന് പതിനേഴു ആണവ നിലയത്തിലെ (നടത്തിപ്പുകാരന് ) ഓപ്പറേറ്റര്ക്ക് , ആണവ നാശത്തിന് നല്കുന്ന നഷ്ടപരിഹാരം നല്കിയ ശേഷം , സെക്ഷന് 6 അനുസരിച്ച് അയാള്ക്ക് നഷ്ടമായത് തിരികെ നേടാനുള്ള അവകാശം ലഭിക്കുന്നതിന് :

a.  അവകാശം ഉണ്ട് എന്നു കരാറില് വ്യക്തമായി എഴുതി നല്കിയിട്ടുണ്ട്
b. സപ്ലൈയറുടെയോ അയാളുടെ തൊഴിലാളിയുടെയോ പ്രവര്ത്തി കൊണ്ട് ഉണ്ടാകുന്ന ആണവ സംഭവം , അത് ഉപകരണങ്ങളുടെ വിതരണം , സ്പഷ്ടമായതോ വ്യക്തമല്ലാത്തതോ ആയ വസ്തുക്കള് , ഉപകരണങ്ങള് , നിലവാരം കുറഞ്ഞ സേവനം എന്നിവ ഉള്പ്പെടെ,
c. ആണവ നാശനഷ്ടം ഉണ്ടാകണം എന്നു  ചിന്തിച്ച് ഒരു വ്യക്തിയുടെ വീഴ്ച, അല്ലെങ്കില് പ്രവര്ത്തി കൊണ്ടുണ്ടാകപ്പെടുന്ന ആണവ സംഭവം
സിഎസ് സി  അനുബന്ധം ആര്ട്ടിക്കിള് 10 സെക്ഷന് 17 (എ) , 17 (സി) , സെക്ഷന് 17 (ബി ) എന്നിവയിന് കീഴില് വരുന്ന അവസ്ഥകളെ സംരക്ഷിക്കുകയും സിഎസ് സിയിലെ അനുബന്ധത്തിലേ ആര്ട്ടിക്കിള് 10 ല് പറയുന്ന തിരികെ ആവശ്യപ്പെടാനുള്ള അവകാശത്തെ വ്യക്തമായി പറയുന്നുമുണ്ട്. എങ്കിലും സെക്ഷന്

17(ബി) പറയുന്ന സ്ഥിതിവിശേഷങ്ങള്  ഉത്പന്ന ബാധ്യത ഉടമ്പടി ബാധ്യത/ നിബന്ധനകള് അല്ലെങ്കില് കരാര് സേവനങ്ങള് എന്നിവയുടെ പ്രവര്ത്തനങ്ങള് ബന്ധപ്പെട്ടിട്ടാണ് . ഓപ്പറേറ്ററും സ്പ്ലൈയറും തമ്മിലുള്ള സാധാരണ കരാര് ആണിത്. ഈ സ്ഥിതിവിശേഷം സാധാരണം,അല്ല പക്ഷേ ഒരു കരാറിലെ സാധാരണ ഒരു ഘടകം ആണ്. ഉത്പന്ന ബാധ്യതയില് ഈ വ്യവസ്ഥയെ ഓപ്പറേറ്ററും സ്പ്ലൈയറും തമ്മിലുള്ള കരാറിലെ പ്രസക്തമായ ഉപാധിയുമായി കൂട്ടിച്ചേര്ത്തു വേണം വായിക്കുവാന് . ബാധകമായ നിയമത്തിനെ ആസ്പദമാക്കിയുള്ള കരാറിലെ നിബന്ധനകള് അംഗീകരിക്കുക ഓപ്പറേറ്റര്ക്കും സപ്ലൈയര്ക്കും മുന്നില് ആണുള്ളത് . അത്തരം കരാറുകളുടെ ഭാഗമാണ് ഗുണമേന്മ ഉത്തരവാദിത്തം, നഷ്ടപരിഹാരം തുടങ്ങിയവയില് തങ്ങള്ക്കുള്ള  ഉപാധികള് വിവരിച്ചും കൃത്യമായും വ്യക്തമാക്കുക  എന്നത് ഒരു കരാറിലെ കക്ഷികള് പൊതുവേ ചെയ്യുന്ന ഒന്നാണ്.

സിഎസ് സി അനുബന്ധത്തില് ആര്ട്ടിക്കിള്  10(a) തിരിച്ചെടുക്കാനുള്ള അവകാശം ഓപ്പറേറ്ററും സപ്ലൈയറും സമ്മതിക്കുന്നത്  ഉള്പ്പെടെ ഓപ്പറേറ്റര് , സപ്പ്ളൈയര് കരാറിലെ ഉള്ളടക്കത്തില് ഒരു തരത്തിലുള്ള പരിമിതികളും ഒരു തരത്തിലും ഇല്ല . മുകളില് പറഞ്ഞതെല്ലാം കണക്കിലെടുത്തു സെക്ഷന് 17(ബി) പ്രതിപാദിക്കുന്നത് അനുസരിച്ച് സപ്ലൈയര് എന്നു പ്രതിപാദിക്കുന്നതില് സിഎസ് സി  അനുബന്ധത്തില് ആര്ട്ടിക്കിള് 10(എ) യുമായി യോജിക്കുന്നതും  എതിരായതും അല്ല . ഓപ്പറേറ്ററും സപ്ലൈയറും തമ്മില് അംഗീകരിച്ച നിബന്ധനകള് അനുസരിച്ചാകും അതിന്റെ പ്രവര്ത്തനം

ചോദ്യം 9. സെക്ഷന്  17 അവകാശം ചോദിച്ചു വാങ്ങാന് അനുവാദം കൊടുക്കുന്ന നിയമപരമായ വ്യവസ്ഥ നല്കുന്നുണ്ടോ ??

ഉത്തരം : ഓപ്പറേറ്റര്ക്ക് അവകാശം ഉണ്ടാകാം എന്നു സെക്ഷന് 17 പറയുന്നു . അതൊരു അവകാശ സ്വാതന്ത്ര്യം വ്യവസ്ഥ ചെയ്യുന്നു പക്ഷേ അതൊരു നിര്ബന്ധമല്ല ഒരു സാധ്യത  അനുവദിക്കുക ആണ് . മറ്റൊരു തരത്തില് പറഞ്ഞാല് അത് അനുവദിക്കുന്നു പക്ഷേ തിരികെ അവകാശം വാങ്ങാനുള്ള അവകാശം കരാറില് എഴുതാന് ഓപ്പറേറ്റര്ക്കു ആവശ്യമില്ല അല്ലെങ്കില് തിരികെ വാങ്ങാനുള്ള പ്രവര്ത്തനം ഉള്പ്പെടുത്തേണ്ടതില്ല. എങ്കിലും കരാറില് നഷ്ടപരിഹാരം തിരികെ ലഭിക്കുവാനുള്ള അവകാശം സംബന്ധിച്ചു വ്യവസ്ഥ ഉണ്ടാകാന് സിഎല്എന്ഡി നിയമത്തിന് കീഴെ നിര്ബന്ധ നിയമ അധികാരം ഇല്ല . നഷ്ടമായത് ചോദിക്കുവാനുള്ള അവകാശം ഉള്പ്പെടെ അപായ പങ്കിടല് സംവിധാനത്തിന് നയപരമായ കാരണങ്ങള് കണ്ടേക്കാം . നയപരമായ കാരണങ്ങളാല് എന് പി സി എല് , എന്ന പൊതുമേഖലാ സ്ഥാപനം ന്യൂക്ലിയാര് സപ്ലൈ കരാര് , 2011 ലെ സി എന് ഡി റൂള് അനുസരിച്ചു റൂള് 24 നു യോജിക്കുന്ന നഷ്ടമായത് തിരികെ ചോദിക്കുന്ന അവകാശം വ്യവസ്ഥക്ക് വേണ്ടി നിര്ബന്ധിച്ചേക്കാം . കരാര് ഇടപാടുകളില് ഏത് നിലപാടാന് ഓപ്പറേറ്റര്, സപ്ലൈയര് കൈക്കൊള്ളുക എന്നു സിഎസ് സി അനുബന്ധം ആര്ട്ടിക്കിള് 10 ഊന്നി പറയുന്നില്ല. ഈ വിഷയത്തില് ഓപ്പറേറ്റര്- സപ്ലൈയര് ഇടപാടുകളെ സൌകര്യപ്പെടുത്തുക , ആണവ നാശം ഉണ്ടായ മൂന്നാം കക്ഷിയ്ക്കു നഷ്ടപരിഹാരം നല്കാന് വിപണി അടിസ്ഥാനമാക്കിയുള്ള സംവിധാനത്തിലൂടെ തിരികെ ലഭിക്കാനുള്ള അവകാശം കണക്കിലെടുത്തു ഫണ്ട് സ്രോതസ് വ്യവസ്ഥ ചെയ്യുക എന്ന ലക്ഷ്യത്തോടെ ആണ് ഇന്ത്യാ ന്യൂക്ലിയര് ഇന്ഷൂറന്സ് പൂള് സ്ഥാപിച്ചത്. ഇത് സപ്ലൈയര്ക്ക് അവര്ക്കെതിരെ വരുന്ന നഷ്ടപരിഹാര അവകാശത്തെ മറികടക്കാന് ഇന്ഷൂറന്സ് സേവനം തേടാന് സഹായിക്കും .

ചോദ്യം 10. ആരാണ് സപ്ലൈയര് ? സപ്ലൈയര് എപ്പോഴും ഒരു വിദേശ കമ്പനി ആകുമോ??

ഉത്തരം . സി എല് എന് ഡി റൂളിലെ റൂള് 24 സപ്ലൈയര് എന്തെന്ന് വിശദീകരിക്കുന്നുണ്ട് . സപ്ലൈയര് എന്നത് ഒരു വ്യക്തി .അയാള് :

(i) ഒരു സംവിധാനം, ഉപകരണം, ഘടകഭാഗം , അല്ലെങ്കില് നിര്വഹണപരമായ പ്രത്യേകത അനുസരിച്ചുള്ള ചട്ടക്കൂട് എന്നിവ ഒന്നുകില് നേരികട്ടു അല്ലെങ്കില് ഒരു ഏജന്റ് വഴി , നിര്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക അല്ലെങ്കില്

(ii) ഒരു സംവിധാനം, ഉപകരണം , ഘടകഭാഗം , അല്ലെങ്കില് ഒരു ചട്ടക്കൂട് നിര്മിക്കുവാന് ഒരാളെ കൃത്യമായ ആവശ്യം പറഞ്ഞു അല്ലെങ്കില് രൂപകല്പ്പന ചെയ്തു ഏല്പ്പിക്കുകയും ഓപ്പറേറ്റര്ക്ക് നല്കുന്ന രൂപകല്പ്പന, ഗുണമേന്മ എന്നിവയില് ഉത്തരവാദിത്തം ഉള്ള ആള് അല്ലെങ്കില്

(iii) ഗുണമേന്മ അല്ലെങ്കില് സേവനങ്ങള് രൂപകല്പ്പന ചെയ്യുക സപ്ലൈയര് എപ്പോഴും വിദേശ കമ്പനി ആകണം എന്നില്ല , മുകളിലുള്ള എല്ലാ ഘടകവും പൂര്ത്തിയാക്കാന് സാധിക്കുന്ന സ്വദേശ സപ്ലിയായര്മാരാകാമ് , ചിലപ്പോള് ഓപ്പറേറ്റര് (എന്പിസിഎല് ) സ്വയം സപ്ലൈയര് ആകാം അത് ഒരു വില്പ്പനക്കാരന് കൃത്യമായ രൂപകല്പ്പന ചെയ്തു നല്കുന്നതിനാല്

ചോദ്യം 11. സിഎല്എന്ഡി നിയമത്തിന് പുറമെ നിയമപരമായി ആണവ നാശത്തിനുള്ള നഷ്ടപരിഹാരം ആവശ്യപ്പെടാന് സെക്ഷന് 46 അനുവദിക്കുമോ??

ഉത്തരം . സെക്ഷന് 46 ലെ വിശാലമായ സാധ്യതകളെ കുറിച്ചുള്ള ചോദ്യങ്ങള്; സപ്ലൈയര്മാര് ഉയര്ത്തി , സ്വദേശത്തും വിദേശത്തും. സിഎല്എന്ഡിനു കീഴിലെ സെക്ഷന് 46 വ്യവസ്ഥ ചെയ്യുന്നത് "" ഈ നിയമത്തിലെ വ്യവസ്ഥ ഇപ്പോള് നിലവിലുള്ള മറ്റേത് നിയമത്തിനും അനുസരിച്ചുള്ളതും ഏത് നിയമത്തെയും നിന്ദിക്കാത്തതും ആകുന്നു . ഓപ്പറേറ്ററെ ഇതില് ഒന്നും ഒഴിവാക്കുകയോ നിയമത്തില് നിന്നും മാറി നടപ്പാക്കുന്നതും ഇല്ല.

സി എല് എന് ഡി നിയമം 2010 ലെ സെക്ഷന് 46 ലെ ഭാഷ മറ്റ് നിയമ സമിതികളുടേ ഭാഷയുമായി സാമ്യം ഉള്ളത് തന്നെയാണ്. അതായത് ടെലികോം റെഗുലേറ്ററി അതോറിറ്റി നിയമം ,ഇലക്ട്രിസിറ്റി നിയമം , സെക്യൂരിറ്റീസ് ആന്ഡ് എക്സ്ചേഞ്ച് ബോര്ഡ് ഓഫ് ഇന്ത്യ (സെബി ) നിയമം, ഇന്ഷൂറന്സ് കമ്മീഷന് ആക്ട് എന്നിവയുടേത് പോലെ . അത്തരം ഭാഷ പൊതുവേ പ്രസക്തമായ നിയമങ്ങള് അവരുടെ മേഖലയില് പ്രവര്ത്തിക്കുന്നത് തുടരുന്നു എന്നത് അടിവരയിടുന്നു

ചോദ്യം 12. വകുപ്പ് 46 സപ്ലൈയര്മാരിലേക്ക് നീട്ടുന്നത് സി എസ് സി മറികടക്കല് അല്ലേ?

ഉത്തരം . അല്ല. സി എല് എന് ഡി നിയമം അനുസരിച്ച് ആണവ ബാധ്യത നിലയം നടത്തിപ്പുകാരന് മാത്രമായി പറയുന്നു , വകുപ്പ് 46 മറ്റ് ഒരു നിയമത്തിന് കീഴിലും ആണവ നാശ നഷ്ടപരിഹാരം ആവശ്യപ്പെടാന് വ്യവസ്ഥ അനുവദിക്കുന്നുമില്ല.അതായത് ഈ വകുപ്പ് നിലയം നടത്തിപ്പുകാരന് മാത്രം ബാധകവും വിതരണക്കാരന് അല്ലെങ്കില് വിതരണ കമ്പനിക്ക്(സപ്ലൈയര് ) ബാധകവും അലെന്നു ഈ നിയമം അട്ടെടുക്കുന്ന അവസ്ഥയില് നടന്ന പാര്ലമെന്ററി ചര്ച്ചയില് തീരുമാനിക്കപ്പെട്ടതാണ് . വോട്ട്

ഇറ്റാന് സി എല് എന് ഡി ബില് അംഗീകരിച്ചതെന്ന കാര്യം ഓര്ക്കുക . ബില്ലിലെ വിവിധ വിഭാഗങ്ങളില് വോട്ടെടുപ്പ് നടക്കവേ രാജ്യസഭയില് വകുപ്പ് 46 ണു വേണ്ടി രണ്ടു ഭേദഗതികള് നടക്കുകയും അതാണ് സി എല് എന് ഡി നിയമത്തിലെ വകുപ്പ് 46 ആയി അവസാനം തീരുമാനിക്കപ്പെടുന്നതും. മറ്റു പലതിന്റേയും കൂട്ടത്തില് ഈ വ്യവസ്ഥയില് സപ്ലൈയര്മാരെ ഉള്പ്പെടുത്തണം എന്നത്. ഈ രണ്ടു ഭേദഗതികളും നിഷേധിക്കപ്പെട്ടു. നിയമത്തില് നിന്നും ഒഴിവാക്കപ്പെട്ട വ്യവസ്ഥ വ്യാഖ്യാനത്തിലൂടെ ഉള്പ്പെടുത്തുവാന് ആകില്ല. നിയമാവലി ഉണ്ടാകിയ ആളുടെയോ, നിയമനിര്മ്മാതാവിന്റെയോ താത്പര്യങ്ങള്ക്ക് അനുസരിച്ചെ ഏത് നിയമാവലിയും വ്യാഖ്യാനിക്കാവൂ എന്നു നിയമ തത്ത്വം പറയുന്നു.

(എം/എസ് ടേര്ടഫ് സേഫ്റ്റി ഗ്ലാസ് ഇന്ഡസ്ട്രീസ് V കമ്മീഷണര് ഓഫ് സെയില്സ് ടാക്സ് യു.പി 2007 (9) സ്കെയില് 610, സ്റ്റേറ്റ് ഓഫ് കേരള & എ എന് ആര് പി.പി.വി നീലകണ്ഠന് നായര് & ഓ ആര് എസ്2005 (5) സ്കെയില് 424).

ചോദ്യം 13. നടത്തിപ്പുകാരനോ സപ്ലൈയര്ക്കോ എതിരെ ഇരകള് ആകുന്നവര്ക്ക് വിദേശ കോടതിയെ സമീപിക്കുവാന് വകുപ്പ് 46 അനുവാദം നല്കുന്നുണ്ടോ ?

ഉത്തരം . നടത്തിപ്പുകാരന് എതിരെ ഉള്ള എല്ലാ ഉപായങ്ങളും വകുപ്പ് 46 ഉള്പ്പെടുത്തിയിട്ടുണ്ട്. നടത്തിപ്പുകാരനെതിരെ ഏര്പ്പെടുത്താന് സാധിക്കുന്ന എല്ലാ നടപടികളും ഒഴിവാക്കാതെ അതില് ഉള്പ്പെടുത്തിയിട്ടുണ്ട്. നിയമത്തിനു പുറമെ ഇന്ത്യയില് ഉള്ള മറ്റ് നിയമങ്ങളുടെ അടിസ്ഥാനത്തിലും നിന്നു മാറാതെ ആണിത് .

വ്യവസ്ഥ " നിന്ദിക്കാതെ പക്ഷേ കൂട്ടിച്ചേര്ത്തുകൊണ്ടു '' എന്നു അതിന്റെ സ്പഷ്ടമായ അര്ഥത്തില് പറയുന്നു. അതുകൊണ്ടു അത്

നടത്തിപ്പുകാരനെ ആണവബാദ്ധ്യത നിയമത്തിന്നു പുറമെ മറ്റ് നിയമങ്ങളുടെ പിടിയില് നിന്നും ഒഴിവാക്കുന്നില്ല . പക്ഷേ അതേ സമയം അത് ഇരകള് ആകുന്നവര്ക്ക് വിദേശകോടതിയിലേക്ക് നീതി തേടാന് അവസരം നല്കുന്നുമില്ല. അത് വാസ്തവത്തില് നാശടപരിഹാരം ഇരകള് ആകുന്നവര്ക്ക് നേടാനുള്ള സ്വദേശത്തെ നിയമ ചട്ടക്കൂടോരുക്കുവാനുള്ള നിയമത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിന് എതിരാകും. വിദേശ കോടതികളുടെ അധികാരാതിര്ത്തി നിശ്ചയിക്കാന് വേണ്ടിയുള്ള പ്രത്യേക ഭേദഗതി സി എല് എന് ഡി ബില് അംഗീകരിക്കല് സമയത്ത് വേണ്ടെന്ന് വയ്കപ്പെട്ടു അത് ഈ വ്യാഖ്യാനത്തെ താങ്ങി നിര്ത്തുന്നു.

ചോദ്യം14. നിലയം നടത്തിപ്പുകാര്ക്കും സപ്ലൈയര്ക്കും എങ്ങിനേ നിര്ദിഷ്ട ഇന്ഷൂറന്സ് പൂള് പ്രവര്ത്തിക്കും?

ഉത്തരം . ഇന്ത്യ ന്യൂക്ലിയര് ഇന്ഷൂറന്സ് പൂള് അപകട കൈമാറ്റ സംവിധാനം ആണ് , ഇത് (ജനറല് ഇന്ഷൂറന്സ് കമ്പനി ഓഫ് ഇന്ത്യ - റീ ഇന്ഷൂറര് ) ജി ഐ സി റെ യും മറ്റ് നാലു പൊതുമേഖലാ സ്ഥാപനങ്ങളും (പി എസ് യു )ചേര്ന്നാണ് ഉണ്ടാക്കിയത്. മൊത്തം 1500 കോടിയില് ഇവര് ചേര്ന്ന് 750 കോടി രൂപ സംഭാവന നല്കും. ബാക്കിയുള്ള തുക ടയ്പ്പെറിംഗ് അടിസ്ഥാനത്തില് (കുറഞ്ഞു വരുന്ന രീതിയില് ) ഗവണ്മെന്റ് നല്കും . സി എല് എന് ഡി നിയമത്തിലെ വകുപ്പ് 6(2) നു കീഴില് നിലയം നടത്തിപ്പുകാരനുണ്ടാകുന്ന ബാധ്യത്യേ പൂള് പരിരക്ഷിക്കും . നിയമത്തിലെ വകുപ്പ് 17 അനുസരിച്ച് സപ്ലൈയറുടേതും.

മൂന്നു വിഭാഗം പോലീസികള് പൂള് വിഭാവനം ചെയ്യുന്നു. റ്റേണ് കീ സപ്ലയര് അല്ലാത്തവര്ക്ക് പ്രത്യേക സപ്ലൈയര്സ് കണ്ടിന്ജെന്സീ പോളിസി , ഓപ്പറേറ്റമാര്കും സപ്ലൈയര്മാര്ക്കും അവരെ

വ്യവഹാരം നടത്തുന്ന എതിരാളികള് ആയി കാണാതെ ഒരു അപകടസാധ്യത ഒരുമിച്ച് കൈകാര്യം ചെയ്യുന്ന പങ്കാളികള് ആക്കികൊണ്ടു കാണും . ഇത് ഇന്ത്യയിലെ സപ്ലൈയര്മാര്ക്ക് വളരെ പ്രധാനമാണ് , യുഎസിലെ അല്ലെങ്കില് മറ്റ് സപ്ലിയര്മാരെപ്പോലെ.

അന്താരാഷ്ട്ര ശില്പശാല ഒരെണ്ണം ഇന്ത്യയില് സംഘടിപ്പിക്കും. അതിലൂടെ അന്താരാഷ്ട്ര അനുഭവജ്ഞ്ജാനമുള്ള ലോകമെമ്പാടും - ഫ്രാന്സ്, റഷ്യ, സൌത്ത് ആഫ്രിക, യുഎസ് തുടങ്ങിയ രാജ്യങ്ങളില് പ്രവര്ത്തിക്കുന്ന 26 ഇന്ഷൂറന്സ് പൂളുകളുമായി അറിവുകള് കൈമാറ്റം ചെയ്യാന് അത് സഹായിക്കും.

ചോദ്യം 15. പൂളിന് കീഴില് വരുന്ന ഇന്ഷൂറന്സ് ഏത് തരം ആയിരിയ്ക്കും അതില് വരുന്ന പ്രീമിയം എന്താകും?
ഉത്തരം .സിഎല്എന് ഡി നിയമത്തിന്നു കീഴില് സെക്ഷന് 6(2) ല് ന്യൂക്ലിയാര് ഓപ്പറേറ്റര്ക്കുള്ള ബാധ്യത സംബന്ധിച്ച റിസ്കുകള് പൂള് സംരക്ഷിക്കും . അതേ പോലെ തന്നെ സെക്ഷന് 17നു കീഴില് സപ്പ്ലൈയേഴ്സിന് സംഭവിക്കുന്ന ബാധ്യതയും. മൂന്നു തരത്തിലുള്ള പോലീസികള് ആണ് വിഭാവനം ചെയ്തിട്ടുള്ളത്. എ ടയര് 1 പോളിസി ഓപ്പറേറ്റര്മാര്ക്കുള്ളത് ; 1 ടയര് 2 പോളിസി ടേണ് കീ സപ്ലയര്മാര്ക്കുള്ളത് , എ ടയര് 3 പോളിസി ടേണ് കീ സപ്ലൈയര്മാര് അല്ലാത്ത സപ്ലൈമാര്ക്കുള്ളത് . പ്രീമിയം വില റിസ്ക് സാധ്യതകള്, നാശനഷ്ടങ്ങളുടെ തോത് , ന്യൂക്ലിയര് നിലയങ്ങള്ക്കു ജനങ്ങള്, വസ്തുവകകള് എന്നിവയുമായുള്ള അടുപ്പം എന്നിവയെ എല്ലാം ആസ്പദമാക്കിയാകും . ജിഐസി റേ , പൂള് നിര്വാകരെ എന്പിസിഎല്ലിനോടും മറ്റുള്ളവരോടും ചേര്ന്ന് അപകടസാധ്യത മൂല്യനിര്ണയതേ ആസ്പദമാക്കി പ്രീമിയം കണക്കാക്കുവാന് ശ്രമിക്കുന്നുണ്ട് . ഈ ശ്രമത്തെ സഹായിക്കുവാന് ഡി എ ഇ ഒരു സാധ്യതാ സുരക്ഷാ

മൂല്യനിര്ണയ പഠനം നടത്തിയിരുന്നു.  പദ്ധതി ശാസ്ത്രീയമാണ് , വിപണി അടിസ്ഥാനമാക്കിയത് ഇന്ത്യന് ചുറ്റുപാടുകള്ക്ക് ചേരും വിധം അന്താരാഷ്ട്ര നിലവാരത്തിന് ഒപ്പം നില്ക്കുന്ന തരത്തില് ആണ് പദ്ധതി .

ചോദ്യം 16. ഇത് നികുതി ദായകരെ ബുദ്ധിമുട്ടിക്കുകയും ആണവ ഊര്ജ ചെലവുകള് വര്ദ്ധിപ്പിക്കുകയും ചെയുകയില്ലേ ?
ഉത്തരം. ഗവണ്മെന്റിലോ നികുതിദായകര്ക്ക് മുകളിലോ അധിക ബാധ്യത വരില്ലെന്ന് അറിയുക. സി എല് എന് ഡി നിയമം, (ആയിരത്തി അഞ്ഞൂറു കോടി രൂപയുടെ ) ആണവ ബാധ്യത സാമ്പത്തിക പരിരക്ഷക്കു സൂക്ഷിക്കുവാന് എന് പി സി എല്ലുമായി ആവശ്യപ്പെട്ടിട്ടുണ്ട് എന്നു അറിയാന് സാധിച്ചു. ഇപ്പോള് എന് പി സി എല് ഒരു ബാങ്ക് ഗ്യാരണ്ടി ഈ തുകക്ക് ആവശ്യമായത് എടുക്കുകയും അത് വാര്ഷികമായി അടക്കുകയും ചെയ്യും. ഇന്ത്യ ന്യൂക്ലിയര് ഇന്ഷൂറന്സ് പൂള് (NIP) വഴി അന്ന്താരാഷ്ട്ര നിലവാര പ്രകടനം വിപണിയില് അടിസ്ഥാനമാക്കി പിന്തുടരും

വാര്ഷിക തുക അടക്കുന്ന അതേ നിരക്കില്  എന് പി സി എല് പൂളില് ഇന്ഷൂറന്സ് എടുക്കുകയും പൂളിലേക്ക് വാര്ഷിക ഇന്ഷൂറന്സ് പ്രീമിയം അടക്കുകയും ചെയ്യും.

ഇന്ഷൂറന്സ് സ്വയം പര്യാപ്തത നേടും വരെ ആദ്യത്തെ കുറച്ചു വര്ഷം ഗവണ്മെന്റ് 750 കോടി രൂപ ഇന്ഷൂറന്സ് പൂള് കമ്പനികളില് നിക്ഷേപിക്കും.ഈ തുകക്ക് ഗവണ്മെന്റ് ആനുപാതികമായ ഓഹരി പ്രീമിയം നേടുകയും അത് ഒരു ആണവ അപകടം ഉണ്ടാകുമ്പോള് മാത്രമേ ഉപയോഗിക്കുകയും ചെയ്യൂ . ഓപ്പറേറ്റര്മാര്, സപ്ലൈയര്മാര് എന്നിവരില് നിന്നും ഊര്ജ നിലയങ്ങളുടെ ചെലവില് വരുന്ന  പ്രീമിയം അടവ് ചെറിയ തുക

ആകുമെന്ന് പ്രതീക്ഷിക്കുന്നു . മൊത്തം നിലയങ്ങളുടെ ചെലവിന്റെ ചെറിയ ശതമാനമാണു ഓപ്പറേറ്റര്മാര് അടക്കുന്നത് എന്നു 26 അന്താരാഷ്ട്ര ഇന്ഷൂറന്സ് പൂളുകള് നല്കിയ വിവരങ്ങള് പറയുന്നു

ചോദ്യം 17. സി എല് എന് ഡി നിയമത്തിന് കീഴില് അത്ര നഷ്ടപരിഹാരം ആണ് നല്കുക?
ഉത്തരം : മുന്നൂറു ദശലക്ഷം രൂപക്ക് തുല്യം (പ്രത്യേകം പിന്വലിക്കല് അവകാശം ) ആണ് ഏറ്റവും കൂടിയ ബാധ്യത നഷ്ടപരിഹാര ത്തുക സിഎല്എന് ഡിയുടെ സെക്ഷന് 6(1) അനുസരിച്ചു ഇപ്പോള് അനുവദിക്കുന്നത് . ഇപ്പോള് പ്രത്യേക പിന്വലിക്കല് അവകാശം അനുസരിച്ചു ഒരു എസ് ഡി ആര് 87 രൂപക്ക് തുല്യം ആകുന്നു. 300 ദശലക്ഷം എസ് ഡി ആര് ഏകദേശം 2610 കോടി രൂപയോളം ഉണ്ടാകും. നിയമത്തിലെ സെക്ഷന് 6(2) അനുസരിച്ചു ഓപ്പറേറ്ററുടെ ഏറ്റവും കൂടിയ ബാധ്യത 1500 കോടി രൂപ ആണ്. 1500 കോടിയില് കൂടുതല് ബാധ്യത കൂടിയാല് സിഎല്എന്ഡി നിയമത്തിലെ സെക്ഷന് 7(1) (a) അനുസരിച്ചു 1110 കോടിയുടെ വ്യത്യാസം കേന്ദ്ര സര്ക്കാര് വഹിക്കും . ഈ 2610 കോടിക്ക് പുറമെ , ഒരിക്കല് ആ കണ്വെന്ഷന് കക്ഷി ആയാല് സിഎസ്എസ്സിക്ക് കീഴില് അന്താരാഷ്ട്ര ഫണ്ട് ലഭിക്കാന് ഇന്ത്യയ്ക്കാകും
സി എല് എന് ഡി നിയമത്തിലെ സെക്ഷന് 7(2) അനുസരിച്ചു കേന്ദ്ര ഗവണ്മെന്റിന് ഒരു ആണവ ബാധ്യത ഫണ്ട് സ്ഥാപിക്കുവാന് സ്ഥാപിക്കുകയും ഓപ്പറേറ്ററില് നിന്നും ഒരു തുക ലെവി ഇനത്തില് ഈടാക്കുവാനും സാധിയ്ക്കുമെന്ന് വ്യവസ്ഥയുണ്ട് . ആണവ ബാധ്യത ഫണ്ട് സ്ഥാപിക്കുന്ന കാര്യം കുറച്ചുകാലമായി പരിഗണനയില് ഉണ്ട്. നിലവിലുള്ളത്തും പുതിയതുമായ ആണവ നിലയങ്ങളില് നിന്നും ലെവിയായി ഒരു ചെറിയ തുക ഓപ്പറേറ്റര്മാരില് ഈടാക്കി ഒരു ഫണ്ട് പത്തു വര്ഷം കൊണ്ട്

ഉണ്ടാക്കുവാനാണ് ലക്ഷ്യം . ഇത് ഉപഭോക്താക്കളുടെ താത്പര്യത്തെ ഒരിയ്ക്കലും ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല
ചോദ്യം 18. ഭാവിയില്, നിയമത്തില് പറയുന്നതിനെക്കാള്, നിലനില്ക്കുന്ന കരാര് പ്രകാരം കൂടുതല് നഷ്ടപരിഹാരം നല്കാന് നിലവിലുള്ള ഒപ്പറേറ്റര്മാരോടൊ സപ്ലൈ ചെയ്യുന്നവരോടൊ ആവശ്യപ്പെടുമോ??

ഉത്തരം : നിയമം പറയുന്ന നഷ്ടപരിഹാര തുകയിലെ ഭാവിയിലെ വര്ദ്ധനയുടെ സാധ്യതയെ കുറിച്ചും നിലവിലുള്ള കരാര് കണക്കിലെടുത്തു അതിന്റെ പ്രത്യാഘാതം സപ്ലൈ ചെയ്യുന്നവരില് ഉണ്ടാക്കുന്ന മാറ്റത്തെ കുറിച്ചുമുള്ള ചോദ്യത്തിന് , നിലവിലിരിക്കുന്ന നിയമത്തിന് കീഴില് ഉണ്ടാകിയ കരാറിലെ അനുശാസനങ്ങളെ മാറ്റാന് നിയമം മാറ്റിയത് കൊണ്ട് സാധിക്കില്ല എന്നു നിയമശാസ്ത്രം സമര്ഥിക്കുന്നു. ഒരു കരാറിന് കീഴില് ഉള്ള കക്ഷിയുടെ സ്വതന്ത്രമായ താത്പര്യങ്ങളുടെ അവകാശത്തെ ബാധിക്കുന്ന പൂര്വ്വകാലപ്രാബല്യമുള്ള നിയമം ഒരു നിയമകോടതിയില് നിലനില്ക്കില്ല . എം/എസ് പൂര്ബാഞ്ചല് കേബിള്സ് ആന്ഡ് കണ്ടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് . വേഴ്സസ് ആസാം സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ്സ് ആന്ഡ് അനദര്(2012) 6, എസ്.സി . ആര് .905, സുപ്രീം കോടതി പറഞ്ഞത് പൂര്വകാലപ്രാബല്യത്തോടെ നിയമം ഉണ്ടാകുവാന് നിയമനിര്മ്മാണ സമിതിക്ക് സാധിക്കുമെങ്കിലും അത് പുതിയ ബാധ്യതകള് നല്കുകയോ , നിലവിലുള്ള കടപ്പാടുകള്ക്ക് കോട്ടം വരുത്തുകയോ നിക്ഷിപ്തമായ അവകാശങ്ങളെ എടുത്തുകളയുകയോ ചെയ്യരുത് എന്നുള്ളതാകുന്നു എന്നാണ്

ചോദ്യം 19. അടുത്ത നടപടികള് എന്താകും?
ഉത്തരം : ഇനി കമ്പനികളിലാണ് അതിന്റെ ഉത്തരവാദിത്തം, അവരുടെ സ്വന്തം ധാരണകള് പിന്തുടരുകയും നമ്മുടെ

നിയമവുമായി മാറ്റമില്ലാത്തതും  നമ്മുടെ വ്യവസ്ഥകള്ക്ക് ചേരുന്നതുമായ  സാധ്യമായ സാങ്കേതിക - വ്യാവസായിക നിര്ദേശങ്ങളും കരാറുകളുമായി മുന്നോട്ട് വരുക എന്നതും. എങ്കിലേ അന്താരാഷ്ട്ര സഹകരണത്തോടെ ആണവ റിയാക്ടറുകള് നിര്മിക്കുവാനും ഇന്ത്യയുടെ ഊര്ജ സുരക്ഷാ ശക്തമാക്കുവാനും ഇന്ത്യയുടെ ശുദ്ധമായ ഊര്ജ താത്പര്യങ്ങള്ക്ക് സംഭവന നല്കാനും ആകൂ

ഫെബ്രുവരി 08, 2015